# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:173 08.06.2015 ൽ മറുപടിക്ക്

### കോഴിക്കോട് വിമാനത്താവളത്തിന്റെ അറ്റകുറ്റപ്പണികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിൽ നിന്നുള്ള ഏതെങ്കിലും സർവ്വീസുകൾ റദ്ദാക്കുകയോ, വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | ഏതെല്ലാം സർവ്വീസുകൾ ഇങ്ങനെ മാറ്റം വരുത്തി എന്നും, ഇതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ; | (ബി) | റദ്ദാക്കിയ സർവ്വീസുകൾ :-<br>1. എയർ ഇന്ത്യ-കാലിക്കറ്റ്- റിയാദ് — നിലവിലുണ്ടായിരുന്ന ആഴ്ചയിൽ മൂന്ന് സർവീസുകൾ<br>2. എയർ ഇന്ത്യ - കാലിക്കറ്റ്- ജിദ്ദ — പ്രതിദിന സർവ്വീസ്<br>3. സൗദി- കാലിക്കറ്റ് - റിയാദ് — ഒന്നിടവിട്ട സർവ്വീസ്<br>4. സൗദി - കാലിക്കറ്റ് - ദമാം — ഒന്നിടവിട്ട സർവ്വീസ്<br>5. എമിറേറ്റ്സ് - കാലിക്കറ്റ് - ദുബായ് — പ്രതിദിന സർവ്വീസ്<br><br>റൺവേ നിർമ്മിച്ചിരിക്കുന്നത് പരമാവധി കോഡ് ഡി വിമാനങ്ങൾക്കു (A 310 വരെ) മതിയാവുന്ന ബലത്തിലും നീളത്തിലുമാണ്. നിരന്തരമായി (B 747 പോലുള്ള) ഭാരം കൂടിയ വിമാനങ്ങൾ ഉപയോഗിച്ചതിനാൽ 2014 മുതൽ റൺവേ പൊളിഞ്ഞു പോകാൻ തുടങ്ങുകയും താൽക്കാലിക അറ്റകുറ്റ പണികൾ കൊണ്ട് റൺവേ നില നിർത്താൻ പറ്റാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. അതിനാൽ വിമാനങ്ങളുടെയും വൈമാനികരുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയിൽ |

Nested table in answer (ബി):

| | | |
|---|---|---|
| 1 | എയർ ഇന്ത്യ-കാലിക്കറ്റ്- റിയാദ് | നിലവിലുണ്ടായിരുന്ന ആഴ്ചയിൽ മൂന്ന് സർവീസുകൾ |
| 2 | എയർ ഇന്ത്യ - കാലിക്കറ്റ്- ജിദ്ദ | പ്രതിദിന സർവ്വീസ് |
| 3 | സൗദി- കാലിക്കറ്റ് - റിയാദ് | ഒന്നിടവിട്ട സർവ്വീസ് |
| 4 | സൗദി - കാലിക്കറ്റ് - ദമാം | ഒന്നിടവിട്ട സർവ്വീസ് |
| 5 | എമിറേറ്റ്സ് - കാലിക്കറ്റ് - ദുബായ് | പ്രതിദിന സർവ്വീസ് |

| | | | |
|---|---|---|---|
| | | | എയർലൈൻസ് ഓപ്പറേറ്റർമാരുമായി കൂടിയാലോചിച്ചാണ് വലിയ ഭാരം കൂടിയ വിമാനങ്ങൾക്ക് ഉപയോഗയോഗ്യമാക്കാം എന്ന് ഉറപ്പാക്കും വരെ റൺവേയുടെ ക്ഷമതയ്ക്കു ചേർന്ന വിമാനങ്ങൾ മാത്രം അനുവദിച്ചാൽ മതിയെന്ന തീരുമാനം നടപ്പിലാക്കിയത്. |
| (സി) | എയർപോർട്ട് അതോറിറ്റിയിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 25.04.2015 - ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ എയർപോർട്ട് ഡയറക്ടർ ഇക്കാര്യങ്ങൾ അറിയിച്ചിരുന്നു. |
| (ഡി) | എത്രകാലത്തേക്കാണ് എയർപോർട്ട് അടച്ചിടുന്നതിന് ഉദ്ദേശിക്കുന്നത്? | (ഡി) | എയർപോർട്ട് മുഴുവനായി അടച്ചിടുന്നില്ല. 2015 സെപ്റ്റംബർ 15 മുതൽ 18 മാസക്കാലം പ്രതിദിനം 8 മണിക്കൂർ (പകൽ 12 മണി മുതൽ രാത്രി 8 മണി വരെ) റൺവേ ബലപ്പെടുത്തുന്നതിനും ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനും വേണ്ടി റൺവേ ഉപയോഗം നിർത്തി വയ്ക്കുന്നതാണ്. |
| (ഇ) | എയർപോർട്ടിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; അറ്റകുറ്റപ്പണികൾ എന്ന് ആരംഭിച്ച് എന്നേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ; | (ഇ) | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അറ്റകുറ്റപ്പണികൾ 2015 സെപ്റ്റംബർ 15 മുതൽ ആരംഭിച്ച് ഏകദേശം 18 മാസക്കാലം കൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി. |
| (എഫ്) | അറ്റകുറ്റപ്പണികൾ ഉടനെ പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിൽ സർവ്വീസ് നടത്തുന്നതിനും അതുവരെ ചെറുവിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എഫ്) | അറ്റകുറ്റപ്പണികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാനും അതുവരെ പ്രതിദിനം 16 മണിക്കൂർ റൺവേയുടെ ക്ഷമതക്കു ചേർന്ന വിമാനങ്ങൾ സർവീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ